# പതിനാലാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.221 28/01/2019- ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ അരിവാൾ രോഗികളുടെ കണക്ക്**

**ചോദ്യം**
**ശ്രീ. ഒ.ആർ.കേളു**

**ഉത്തരം**
**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വയനാട് ജില്ലയിലെ അരിവാൾ രോഗികളുടെ കൃത്യമായ കണക്ക് ശേഖരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | വയനാട് ജില്ലയിൽ എത്ര അരിവാൾ രോഗികളാണ് ഉള്ളതെന്ന് അറിയിക്കുമോ; | (ബി) | വയനാട് ജില്ലയിൽ 908 അരിവാൾ രോഗികളുണ്ട്. |
| (സി)<br><br>(ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരിവാൾ രോഗികൾക്കായി നടത്തിയ ക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;<br><br>അരിവാൾ രോഗികൾക്കായി കൂടുതൽ ക്ഷേമ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) യും (ഡി) യും | വയനാട് ജില്ലയിലെ എല്ലാ അരിവാൾ രോഗികൾക്കും കോഴിക്കോട് മെഡിക്കൽ കോളേജും, ആരോഗ്യ കേരളം വയനാടും സംയുക്തമായ പദ്ധതിയിലൂടെ പ്രോട്ടീൻ കൂടുതലായുള്ള ഭക്ഷണകിറ്റ് നൽകുന്നു. എല്ലാ ആദിവാസി അരിവാൾ രോഗികൾക്കും പ്രതിമാസം 2,500/- രൂപ വീതവും, ആദിവാസികൾ അല്ലാത്ത അരിവാൾ രോഗികൾക്ക് പ്രതിമാസം 2,000/- രൂപ വീതവും സാമ്പത്തിക സഹായം നൽകി വരുന്നു. വയനാട് ജില്ലയിൽ അരിവാൾ രോഗികളുള്ള എല്ലാ പഞ്ചായത്തിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി എല്ലാ അരിവാൾ രോഗികൾക്കും കൃത്യമായ ചികിത്സ നൽകിവരുന്നു. മാനന്തവാടി ജില്ലാ ആശുപത്രിയിൽ വിദഗ്ധ ചികിത്സയ്ക്കുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. ഈ രോഗികൾക്ക് Cap bychoxy urea, T.Folic Acid എന്നിവ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ